# പള്ളികഥകൾ

## മിനികഥകൾ    പതിനാറ്

ജോയിക്കുട്ടി,

ഞാനൊരു ദിവസം നമ്മുടെ ജോസഫ് അച്ചന്റെയടുക്കൽ ചെന്നപ്പോൾ അച്ചന്റെ ഒരു പഴയ സുഹൃത്ത് ജോണച്ചൻ വളരെ ദൂരം യാത്ര ചെയ്ത് അവിടെ വന്നിട്ടുണ്ടായിരുന്ന ദേഹത്തെ കാണുകയുണ്ടായി. ദീഘകാലത്തിനു ശേഷമായിരുന്നു ഇവർ തമ്മിലുള്ള സംഗമം നടന്നത്. ജോസഫ് അച്ചൻ അങ്ങോട്ട് പോയി കാണാനാണിരുന്നത്. അപ്പോഴാണ് ജോസഫ് അച്ചന്റെ പള്ളിയിലെ ഒരു വിവാഹത്തിനായി വന്നതായിരുന്നു ജോണച്ചൻ. ഇവരുടെ രണ്ടുപേരുടേയും പള്ളികളിലെ ആൾക്കാരായിരുന്നു വധൂവരന്മാർ. തന്മൂലം ഒരു ദിവസം മുൻകൂട്ടി ജോണച്ചൻ വന്നതാണ്. ഇവർ സെമിനാരിയിൽ ഒരേ സമയം ഒന്നിച്ച് പഠിച്ചവരായിരുന്നത് കൂടാതെ ഇവർ അക്കാലത്ത് പിരിയാ സുഹൃത്തുക്കളുമായിരുന്നു. തന്മൂലം ജോണച്ചൻ അമേരിക്കയിൽ വന്ന നാൾ മുതൽ പരസ്പരം കാണണമെന്ന് രണ്ടു പേക്കും വളരെ താല്പര്യവുമുണ്ടായിരുന്നു. അങ്ങിനെയിരിക്കുമ്പോഴാണ് ഈ വിവാഹം വന്നത്.

# ഓമ്മ്

ജോണച്ചന് വളരെയധികം കാര്യങ്ങൾ, സങ്കടങ്ങൾ ജോസഫച്ചനോടു പറയാനുണ്ടായിരുന്നു. മനസ്സിന്റെ ഭാരം മുഴുവനും വിശ്വസ്തനായ ഒരാളോട് പറഞ്ഞു കഴിഞ്ഞാൽ വളരെ ആശ്വാസം ലഭിക്കുമെന്നതാണ് രണ്ടച്ചന്മാരുടേയും വിശ്വാസം. വന്ന നാൾ മുതൽ അനുഭവിക്കുന്ന പ്രയാസങ്ങൾ ഒന്നു പറഞ്ഞു കഴിഞ്ഞാൽ വളരെ നല്ലതാണല്ലോ. അപ്പോഴാണ് എന്നെ കണ്ടത്. എന്റെ സാനിദ്ധ്യത്തിൽ എങ്ങിനെ പറയുമെന്ന സങ്കോചം ജോണച്ചനുണ്ടായിരുന്നു. ഞാൻ വിശ്വസ്തനാണെന്ന് ജോസഫച്ചൻ പറഞ്ഞപ്പോൾ ജോണച്ചന് ധൈര്യമായി. പിന്നെ ഇപ്പറയുന്നത് കഥയായി എഴുതുകയാണെങ്കിൽ ഈ അച്ചന്റെ പേരും സ്ഥലവും മാറ്റിയേ കഥയെഴുതാവൂ എന്ന് ജോസഫച്ചൻ പ്രത്യേകം പറഞ്ഞതുകൊണ്ടാണ് ഇദ്ദേഹത്തിനെ ജോണച്ചനെന്ന് ഞാൻ നാമകരണം ചെയ്തത്.

ജോണച്ചൻ ആ സ്ഥലത്ത് പുത്തനായി വന്നപ്പോൾ വളരെ സന്തോഷമായി. നല്ല സ്ഥലം. നല്ല ആൾക്കാർ. നല്ല ഒരു വലിയ പള്ളി. എല്ലാംകൊണ്ടും വളരെ നല്ലത്. ദൈവം അനുഗ്രഹിച്ച് അവിടെ ആക്കിയതെന്നായിരുന്നു ധരിച്ചത്. കാലം കഴിഞ്ഞതൊടെ കോലത്തിന്റെ തനി രൂപം വ്യക്തമായി. ധാരാളം പണക്കാരേക്കൊണ്ടു നിറഞ്ഞതായിരുന്നു ആ ഇടവക. എല്ലാവരും കൈനിറയെ പണം പള്ളിക്കും അച്ചനും വേണ്ടി ചെലവഴിച്ചിരുന്നു.

അച്ചന് നല്ല ഒരു തുക ശമ്പളമായി കിട്ടുന്നുണ്ടെങ്കിലും അവർ ധാരാളമായി വേറെയിനത്തിൽ കൂടെ കിമ്പളമായി കൊടുക്കാൻ തുടങ്ങി. ആദ്യമാദ്യം അച്ചൻ അതൊന്നും വാങ്ങിയില്ല. പക്ഷേ, അവർ നിബന്ധമായി കൊടുക്കാൻ തുടങ്ങിയപ്പോൾ അവരുടെ ഇഷ്ടംപോലെ എന്തുമാകട്ടെയെന്ന് കരുതി വാങ്ങി തുടങ്ങി. അതാണ് കുഴപ്പമായതെന്നാണ് ഇപ്പോൾ അച്ചൻ ശങ്കിക്കുന്നത്. ധനാഡ്യരായ എല്ലാവക്കും അച്ചനെ പ്രീതിപ്പെടുത്തണം; അവരുടെ സ്വന്തമാക്കണമെന്ന വ്യഗ്രത ദിനംപ്രതി വദ്ധിച്ചു. ഇത് അച്ചൻ വിപത്തിലേക്ക് ചെന്നു ചാടുകയാണെന്ന് പിന്നീടാണ് മനസ്സിലാക്കിയത്. തന്മൂലം ഇവരെയെല്ലാം പ്രീതിപ്പെടുത്താൻ അച്ചൻ ബാദ്ധ്യസ്ഥനായി. ഇവരെല്ലാവരും പറയുന്നതുപോലെ ഏതെങ്കിലും ഒരാൾക്ക് എപ്പോഴെങ്കിലും സാധിക്കുമോ. പലരുടെയിടയിൽ പാമ്പു ചാകത്തില്ലന്ന് പഴമൊഴിയുമുണ്ടല്ലോ. കൂടാതെ പല പുരുഷന്മാരെ ഒരേ സമയത്ത് പ്രീതിപ്പെടുത്താൻ ഒരു സ്ത്രീക്കും ഒരു വേശ്യാസ്ത്രീക്കുപോലും ഒരിക്കലും സാദ്ധ്യമല്ലല്ലോ. ഇടവകയിലെ ഒരാളെ പ്രീതിപ്പെടുത്താൻ പോയാൽ അത് വേറൊരാൾക്ക് അപ്രിയമായി തീരുകയായി. എന്നാൽ ആരേയും പ്രീതിപ്പെടുത്താതിരുന്നാൽ അത് അതിലും കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയായിരിക്കും ഫലത്തിൽ.

ഇങ്ങിനെയിരിക്കുന്ന കാലഘട്ടത്തിലാണ് ഇടവകയിലെ വലിയ ഒരു ധനാഡ്യനായ ഡോക്ടർ തങ്കച്ചന്റെ വീട്ടിൽ നിന്നും അപ്രതീക്ഷിതമായി വലിയ ഒരഗ്നിപവ്വതം പൊട്ടിവന്നത്.

ചെറുപ്പകാലത്ത് തങ്കച്ചൻ പള്ളിയും പ്രാത്ഥനയുമൊന്നും കാര്യമായിട്ടില്ലാതെയാണ് വളന്ന് വന്നത്. അച്ചനെ മെത്രാച്ചൻ എന്നും മെത്രാച്ചനെ അച്ചനെന്നുമുള്ള ധാരണയിലായിരുന്നു. പഠിത്വത്തിലും വലിയ മിടുക്കനല്ലായിരുന്നു. പണക്കാരന്റെ മകനായി ജനിച്ചതുകൊണ്ട്, ഡോക്ടരാകാൻ പോയി പഠിച്ചു. അതിനുശേഷം ഡൽഹിയിൽ ജോലി ചെയ്തപ്പോൾ സുന്ദരിയായ നേഴ്സ് തങ്കമ്മയുമായി പ്രേമത്തിലായി. വീട്ടുകാക്ക് നല്ല അഭിപ്രായമില്ലാതെ തന്നെ അവർ വിവാഹിതരായി. തങ്കമ്മ അമേരിക്കയിൽ വന്നതുകൊണ്ട് തങ്കച്ചനും വന്നു. അപ്പോൾ മുതൽ അയാൾക്ക് ഭക്തി കൂടി. പിന്നെ എല്ലാ ആരാധനാ ദിവസങ്ങളിലും അയാൾ മുറയ്ക്ക് പള്ളിയിൽ വരാൻ തുടങ്ങി. ഉച്ചത്തിൽ കാള രാഗത്തിൽ പാടാൻ തുടങ്ങി; പ്രാത്ഥിക്കാൻ തുടങ്ങി. അമേരിക്കയിൽ ആദ്യമായി അയാൾ പള്ളിയിൽ പോയപ്പോൾ കക്ഷത്തിൽ ഒരു വേദപുസ്തകവും വെച്ചുകൊണ്ടാണ് പോയതെന്ന് അന്നു കണ്ടവർ പറയുന്നു.

ഭാര്യ തങ്കമ്മയുടെ കാര്യവും ഏകദേശം എല്ലാം ഇതുപോലെ തന്നെ. ഒരു വ്യത്യാസം അവർ വളരെ നിദ്ധന കുടുംബത്തിൽ ജനിച്ചതായിരുന്നു എന്നു മാത്രം. ഹൈസ്ക്കൂൾ പാസായ സുന്ദരിയായ തങ്കമ്മയെ അടുത്ത വീട്ടിലെ ചിന്നമ്മ അവരുടെ മക്കളെ നോക്കാനും വീട്ടു ജോലിക്കുമായി കൂടെ കൊണ്ടുപോയി. ചിന്നമ്മയുടെ ഭത്താവിനെപ്പറ്റി ആൾക്കാർ നല്ലതൊന്നുമല്ല പറയുന്നത്. ചിന്നമ്മ ജോലി ചെയ്തിരുന്ന അതേ ആശുപത്രിയിൽ തന്നെയായിരുന്നു അവരുടെ ഭത്താവിനും ജോലി. അയാളുടെ പരിശ്രമ ഫലമായാണ് തങ്കമ്മയ്ക്ക് നേഴ്സിംഗിന് പ്രവേശനം കിട്ടിയതെന്നും, പിന്നീട് അവർ അമേരിക്കയിൽ വന്നപ്പോഴും അയാളുടെ പരിശ്രമഫലമായാണ് തങ്കമ്മയ്ക്ക് അമേരിക്കയിൽ വരാനിടയായതെന്നും ജനശ്രുതി. എന്തായാലും എല്ലാ തുറകളിലും കഴിവുള്ള ഭാര്യയെ കിട്ടിയതിൽ തങ്കച്ചനും അതുപോലെ ഒരു ഡോക്ടറെ ഭത്താവായി കിട്ടിയതിൽ തങ്കമ്മയ്ക്കും വലിയ സന്തോഷമായി. അവരും അമേരിക്കയിൽ വന്നപ്പോൾ മുതൽ വലിയ ഭക്തയായി എല്ലാ ആരാധനാ ദിവസങ്ങളിലും പള്ളിയിൽ പോകും പള്ളിയ്ക്കും അച്ചനും ധാരാളമായി കൊടുത്തും കഴിഞ്ഞു.

അവരുടെ ഏക മകനായ ടിമ്മിന് ഒരു പട്ടിയുണ്ടായിരുന്നു; ജിം. ഒരു ദിവസം ഈ പട്ടി ചത്തു. അതിനെ കുഴിച്ചിടാനായി ആദ്യം നമ്മുടെ ജോണച്ചനെ പിടികൂടി. അച്ചൻ ഒരു വിധത്തിൽ അതിൽ നിന്നും രക്ഷപെട്ടു. എന്നാൽ ഒരു വഷമായപ്പോൾ ആ പട്ടിയുടെ ഓമ്മ നടത്തണമെന്നായി. അതു സംബന്ധിച്ച് അന്ന് പള്ളിയിൽ വന്ന എല്ലാവക്കുമായി സദ്യയുമൊരുക്കി. വീട്ടിലെ സ്വന്തം മകനെപ്പോലെ വളത്തിക്കൊണ്ടുവന്ന പട്ടിയുടെ ഓമ്മകൂദാശ നടത്തിയില്ലന്നു മാത്രമല്ല ഏകമകനെ ഇത്രയും വേദനപ്പിച്ചു എന്നതിനാൽ അച്ചനോട് പറയാവുന്നതിലപ്പുറം അവർ ഭാര്യാഭത്താക്കന്മാർ പരസ്യമായി പള്ളിയിൽ വെച്ച് പറഞ്ഞാക്ഷേപിച്ചു.